# സിമ്പോസിയം

''ഐൻസ്റ്റീൻ ഒരു ഭാഷാപണ്ഡിതനായിരുന്നില്ല; ഇന്ത്യയിൽ വെച്ചേററവും മേധാശക്തിയുണ്ടായിരുന്ന ഗണിതശാസ്ത്രജ്ഞനായ രാമാനുജം ഇന്റർ മീഡിയററിന് ഇംഗ്ലീഷിൽ രണ്ടു തവണ തോററയാളാണ്. ചുരുക്കിപ്പറഞ്ഞാൽ സാങ്കേതിക പഠനത്തിന് ഭാഷാപാണ്ഡിത്യം ആവശ്യമില്ല''

## മാദ്ധ്യമം മാറ്റിയില്ലെ-ങ്കിൽ സ്വയം മാറും

ഡോ. കെ. ഭാസ്കരൻനായർ,



ഡോ. കെ. മാധവൻകുട്ടി

ഇപ്പോഴും തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പലാണ്. ലേഖകൻ. നിരവധി വൈദ്യശാസ്ത്ര ലേഖനങ്ങളുടെയും ഗ്രന്ഥങ്ങളുടെയും കർത്താവ്. ശാസ്ത്രസാഹിത്യ വികാസത്തിന്റെ വളർച്ചയ്ക്കുതകുന്ന സംഭാവന നൽകിയിട്ടുള്ള ലേഖകൻ ഇപ്പോൾ തിരുവനന്തപുരത്ത് താമസിക്കുന്നു.



ഡോ. കെ. ഭാസ്കരൻനായർ

ആരോഗ്യശാസ്ത്രത്തിൽ അഗാധ പാണ്ഡിത്യം നേടിയിട്ടുള്ള ലേഖകൻ കോളേജ് [illegible]

ഇന്റർമീഡിയററിന് ഇംഗ്ലീഷിൽ രണ്ടു തവണ തോററയാളാണ്. ചുരുക്കിപ്പറഞ്ഞാൽ സാങ്കേതിക പഠനത്തിന് ഭാഷാപാണ്ഡിത്യം ആവശ്യമില്ല. നമ്മുടെ നാട്ടിലെ ആവശ്യങ്ങൾക്കും അഭിനിവേശങ്ങൾക്കും അനുസരിച്ച് ഉരുത്തിരിഞ്ഞു വരുന്ന ഒരു മണിപ്രവാള ശൈലി ധാരാളം മതിയാകും. പക്ഷേ, നമ്മെ സംബന്ധിച്ചിടത്തോളം ചെറുപ്പക്കാരായ ഡോക്ടർമാർ എങ്ങനെ വൈദ്യശാസ്ത്രം പഠിക്കുന്നു എന്നുള്ളതല്ല പ്രശ്നം. സമുദായത്തിന്റെ സഹകരണത്തോടുകൂടി അവർക്ക് ലഭിച്ച ജ്ഞാനസമ്പത്ത് ഏതു വിധത്തിൽ സമൂഹത്തിന് സഹായകമാംവിധം വിതരണം ചെയ്യുവാൻ അവർക്ക് സാധിക്കും എന്നുള്ളതാണ് ആലോചിക്കേണ്ടത്.

ഗൾഫ് രാജ്യങ്ങളിൽ പോയി പണം സമ്പാദിച്ച് കുടുംബത്തിന് പ്രത്യേകിച്ചും, കേരളത്തിന് പൊതുവേയും വിദേശനാണ്യം നൽകിയാണോ അതോ നമ്മുടെ നാട്ടിലെ ആർത്തരും ആലംബഹീനരും ആയ നിരവധി രോഗികളുടെ ചികിത്സയിലൂടെ [illegible] ഒരു നവസമൂഹം കെട്ടിപ്പടുക്കുന്നതിനുള്ള രോഗപ്രതിരോധ, ആരോഗ്യവിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെയായ ഒരു യജ്ഞത്തിലൂടെയാണോ സമൂഹത്തെ സേവിക്കേണ്ടത് എന്നാണ് നാം തീരുമാനിക്കേണ്ടത്. ഒന്നാമത്തേതാണ് വേണ്ടതെങ്കിൽ വൈദ്യവിദ്യാഭ്യാസം മുഴുവ ഇംഗ്ലീഷിൽ മാത്രമേ ആകാവൂ; അറബിയിലോ പാഴ്സിയിലോ ആണെങ്കിൽ കുറച്ചുകൂടെ നന്നായിരിക്കും. മാത്രമല്ല, ബിരുദാനന്തര ഡിഗ്രികളും എല്ലാം ഇംഗ്ലണ്ടിലേക്ക് മാററുന്നതും നന്ന്. ഈയിടെ യു. എ. ആ.റിൽ നിന്നെത്തിയ ഒരു വിദഗ്ധസംഘം അവർക്ക് മുഴുവ ഇംഗ്ലീഷിൽ പഠിച്ചതാണെങ്കിലും ഇന്ത്യൻ പോസ്റ്റ്ഗ്രാജുവേററ് ഡിഗ്രിയുള്ള ഡോക്ടർമാരെ വേണ്ടെന്നും പാശ്ചാത്യരാജ്യങ്ങളിൽ പരിശീലനം നേടിയവരെ (അവർ ഇന്തോനേഷ്യൻ ഭാഷയിൽ പഠിച്ച ജാവയിലെ ഡോക്ടർമാരായാലും) മാത്രം മതി എന്നും പ്രസ്താവിച്ചത് ഓർക്കുന്നു. ഏതായാലും, ഒരുകാര്യം കരതലാമലകംപോലെ സ്പഷ്ടമാണ്. ഏതു ഭാഷയിൽ പഠിച്ചാലും നമ്മുടെ നാട്ടിലെ സാധാരണക്കാർക്ക് ആരോഗ്യകാര്യങ്ങളുടെയും പരിസര ശുചീകരണത്തിന്റെയും, പ്രതിരോധ പ്രവർത്തനങ്ങളുടെയും ബാലപാഠങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കണമെങ്കിൽ, മലയാളം കൈകാര്യംചെയ്യാൻ അറിയാതെ പററു. അതിന് ആവശ്യമായ എല്ലാ ഉപാധികളും നാം സ്വീകരിക്കണം. ലളിതമായ ഭാഷയിൽ ആരോഗ്യപ്രവർത്തനത്തിന്റെ നാനാമുഖങ്ങളായ പ്രശ്നങ്ങളെ പ്രതിപാദിക്കുന്ന നിരവധി പുസ്തകങ്ങൾ ഉണ്ടാവണം. ആ വിഷയങ്ങളെപ്പററി ആളുകളെ പറഞ്ഞു മനസ്സിലാക്കുവാനും, അവരെ ബോധപൂർവം ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുവാനും പ്രേരിപ്പിക്കുവാൻ കഴിവുള്ള ഒരുകൂട്ടം പ്രവർത്തകരുണ്ടാവണം. അതാണിവിടെ ഉണ്ടാവേണ്ടത്. അതിനുപകരം ബോധനമാധ്യമത്തെച്ചൊല്ലിയുള്ള വാദകോലാഹലങ്ങളിൽ സമയം നഷ്ടപ്പെടുത്തുന്നത് കേവലം നിരർത്ഥകമാണ്.

ഇംഗ്ലീഷ് ഭാഷ ഇന്ത്യയിൽ മരിക്കുകയാണ്. അതിലൂടെ മാത്രമേ ഈ രാജ്യത്തിന് മേൽഗതിയുള്ളു എന്ന് ആത്മാർത്ഥമായി വിശ്വസിച്ച് ആ ഭാഷയെ താലോലിക്കുന്നവർ ഇല്ലാത്തതുകൊണ്ടല്ല. ഇംഗ്ലീഷ് മാത്രമല്ല, മലയാളവും തമിഴും ഹിന്ദിയുമെല്ലാം ഇംഗ്ലീഷുകാരൻ സംസാരിക്കുന്നതുപോലെ സംസാരിക്കുവാൻ ശ്രമിക്കുന്ന നാടൻ ധൊരമാർ ഇന്നും ഇവിടെയുണ്ട്. സ്വന്തം കുട്ടികളെ അങ്ങനെ പരിശീലിപ്പിക്കുവാൻ പരമാവധി പാടുപെടുന്നവരുമുണ്ട്. ത്രിഭാഷാ സിദ്ധാന്തമനുസരിച്ച് പല സംസ്ഥാനങ്ങളിലും ഇംഗ്ലീഷ് നിർബന്ധിതമായി പഠിപ്പിക്കുകയും ചെയ്യുന്നു. എന്നാലും ഇന്ത്യയിൽ ജീവിക്കുന്ന 64 കോടി (6400 ലക്ഷം) ജനങ്ങളിൽ ആ ഭാഷ മനസ്സിലാക്കുന്നവർ 64



Digitized by Kerala Sahitya Akademi

# സിമ്പോസിയം

ലക്ഷം പോലുമുണ്ടെന്ന് ഞാൻ കരുതുന്നില്ല. ആ കഴിവുള്ളവരിൽ ഭൂരിപക്ഷവും മുതിർന്ന തലമുറയിൽ പെട്ടവരാണ്. യുവജനങ്ങളും എല്ലാവരും തന്നെ ഇംഗ്ലീഷ് പോലും മാതൃഭാഷയിലൂടെ പഠിച്ചു വന്നവരാണ്. ഇംഗ്ലീഷിലെഴുതിയ ഉത്തരക്കടലാസുകൾ പരിശോധിക്കുന്ന അധ്യാപകർക്ക നൽകുന്ന നിർദ്ദേശം, എഴുതിവെച്ചിരിക്കുന്നത് എന്തായാലും എഴുതിയവന്റെ മനസ്സിലിരുന്നത് എന്താണെന്ന് ഊഹിച്ചറിഞ്ഞ് മാർക്കിട്ടുകൊള്ളണമെന്നാണ്. ഈ ചുററുപാടുകളിൽ ''അധ്യയന മാധ്യമ''ത്തെപ്പററിയുള്ള വാദകോലാഹലം വെറും കഥയില്ലായ്മയാണെന്ന് പറയേണ്ടിരിക്കുന്നു. ''മാധ്യമം'' അധികൃതമായി മാററിയില്ലെങ്കിൽ സ്വയം മാറിക്കൊള്ളും. അൽപംകൂടി കാത്തിരിക്കുകയേ വേണ്ടു. ഏതു് ഓക്സ്ഫോർഡ് കാരൻ വിചാരിച്ചാലും അതു് ഇനി തടയാൻ സാധിക്കയില്ല. ഇവിടെ ഇംഗ്ലീഷ് പത്രങ്ങൾ പ്രചരിക്കുന്നതും, ഇംഗ്ലീഷിലെഴുതിയ പുസ്തകങ്ങൾ വിററഴിയുന്നതും കണ്ട് തെററിദ്ധരിക്കേണ്ട. പണ്ടൊക്കെ കണ്ണിൽ എണ്ണയൊഴിച്ച് ഉററുനോക്കിയിരുന്നാൽ പോലും ഒരു അക്ഷരപ്പിശകോ വ്യാകരണത്തെററോ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ലാത്ത പ്രസിദ്ധമായ ഇംഗ്ലീഷ് പത്രങ്ങളിൽ ഇപ്പോൾ തെററുകളുടെ ഘോഷയാത്രയാണ് കാണുന്നത്.

അൽപ്പകാലം മുമ്പ് ബീഹാറിൽ നിന്ന് സർവകലാശാലാ ബിരുദവുമെടുത്ത് ഉപരിപഠനത്തിനും, തരപ്പെട്ടാൽ സ്ഥിരതാമസത്തിനും, ഇംഗ്ലണ്ടിൽ പോയ ഒരു സംഘം ഡോക്ടർമാർക്ക് ഗ്രേയ് എന്ന ഗ്രന്ഥകാരനെഴുതിയ ''പ്രത്യംഗശാരീരം'' (അനാട്ടമി) എന്ന പ്രമാണ ഗ്രന്ഥംപോലും പരിചയമില്ലെന്ന് ആ രാജ്യത്തെ വിദഗ്ദ്ധന്മാർ കണ്ടുപിടിക്കുകയും, അവരെ കൂട്ടത്തോടെ തിരിച്ചയയ്ക്കുകയും ചെയ്തതായി പത്രവാർത്തയുണ്ടായിരുന്നു. ''മാധ്യമം'' മാററിയാൽ അങ്ങനെ ബിരുദമെടുത്താലും ഒന്നു വിദേശത്തുപോകാനുള്ള വഴിമുട്ടും എന്ന പറയുന്നതു് കുറച്ചൊക്കെ ശരിയാണ്. ഇംഗ്ലീഷ് അറിയാമെങ്കിൽ പോലും ഏതെങ്കിലുമൊരു രാജ്യത്തേയ്ക്ക് ആ രക്ഷാമാർഗ്ഗം എന്നത് [illegible] അറിയണം. നാട്ടിലുള്ള യുവജനങ്ങളെയെല്ലാം അന്യരാജ്യങ്ങളിൽപോയി ഉപജീവനം തേടുന്നതിനുവേണ്ടി വിദ്യാഭ്യാസം ചെയ്യിക്കണം എന്ന വാദിക്കുന്നതിന്റെ അർത്ഥശൂന്യതയും അപഹാസ്യതയും ആരും ആലോചിക്കാത്തത് അത്ഭുതമായിരിക്കുന്നു. പിന്നെയുള്ളത് പുതിയ പുസ്തകങ്ങളും ഇറങ്ങിവരുന്ന ഗവേഷണ പ്രബന്ധങ്ങളും വായിക്കുന്നതിന്റെ കാര്യമാണ്. അതിന് എല്ലാ വിഷയങ്ങളും ഇംഗ്ലീഷിൽ പഠിപ്പ് എന്ന പറയാതുകൊണ്ടായില്ല. ഇംഗ്ലീഷു പഠിക്കണം. ഇംഗ്ലീഷ് മാത്രം പോരാ—മററു ഭാഷകളും. ഇപ്പോൾ പ്രചാരത്തിൽ വന്നിരിക്കുന്ന അക്യുപങ്ചർ എന്ന ചികിത്സാരീതി വേണ്ടവണ്ണം മനസ്സിലാക്കണമെങ്കിൽ ചീനഭാഷ പഠിച്ചേ പററു. ഇതെല്ലാം ഇംഗ്ലീഷ് ഉൾപ്പെടെയുള്ള മററു ഭാഷകൾ പഠിക്കുന്നതിനല്ലാതെ, ഇംഗ്ലീഷിലൂടെ പഠിക്കുന്നതിന് സാധൂകരണമാവുകയില്ല.

ജനങ്ങളിൽ നിന്ന് അകന്ന് മാറി അവർക്ക മനസ്സിലാകാത്ത മാർഗ്ഗങ്ങൾ സ്വീകരിച്ച് ഭരണവും വിദ്യാഭ്യാസവും വൈദ്യസേവനവും ആരോഗ്യരക്ഷയും വികസനപ്രവർത്തനവും എന്നു വേണ്ട, അവർക്ക ഗുണകരമാണെന്ന് നിഷ്പ്രയാസം തെളിയിക്കാവുന്ന കാര്യങ്ങൾപോലും നടത്തിക്കൊണ്ടു പോകാൻ സാധിക്കയില്ലെന്നാണ് ഇതിൽനിന്നൊക്കെ വിവേകമുള്ളവർ പഠിക്കേണ്ട പാഠം. പക്ഷെ ഇന്ത്യയുടെ ഇന്നത്തെ നില കാണുമ്പോൾ വിവേകം നേടുവാനും വിദേശത്തു പോകേണ്ടിവരുമോ എന്നു ഭയപ്പെട്ടു പോകുന്നു!

എത്ര പൊക്കത്തിൽ കളിച്ചാലും നിലത്തുവരുന്ന സമ്മാനമുള്ള എന്ന പറഞ്ഞതുപോലെ, ഈ പഠിത്തംകൊണ്ടുള്ള ഗുണവും ദോഷവും അനുഭവിക്കേണ്ടതു് ഈ രാജ്യത്തെ ജനങ്ങളാണ്. അവരിൽനിന്ന് തെക്കിപ്പിഴിഞ്ഞെടുക്കുന്ന പൊതുമുതലുകൊണ്ടാണല്ലോ ഈ പുതുവിദ്യകളെല്ലാം അഭ്യസിപ്പിക്കുന്ന കലാശാലകളും സർവ്വകലാശാലകളും നടത്തുന്നത്. ഒരു മെഡിക്കൽ ബിരുദധാരിയെ നിർമ്മിച്ചെടുക്കുന്നതിന് സമൂഹം അഞ്ചുലക്ഷം രൂപ ചെലവാക്കുന്നുവെന്ന് ആരോ കണക്കാക്കിയതായോർക്കുന്നു. ആ കടപ്പാടുകളും മുഴുവനും മറന്ന്, കാലിലെ പൊടിയും തട്ടി, ഡിഗ്രി കിട്ടുന്ന മാത്രയിൽ അന്യരാജ്യങ്ങളിലേക്ക് കടന്നുകളയുന്നതിൽ അന്തർഭവിക്കുന്ന നന്ദികേടും അധർമ്മവും മഹാപാപവും വിട്ടുകളയാം. സേവനം എന്ന ആശയവും വിസ്മരിക്കാം. സ്വാർത്ഥപൂർത്തി മാത്രം പരിഗണിച്ചാലും ഈ രാജ്യത്തെ ജനങ്ങളോട് ഇടപെട്ട് അവരിൽനിന്ന് ധനം സമ്പാദിക്കുന്ന ചികിത്സാപരിപാടി അവരുടെ ഭാഷയിലൂടെയേ പററൂ. ആധുനിക വൈദ്യശാസ്ത്രം, കുത്തകകളും മുതിർന്നവരും, വയസ്സന്മാരും ഉൾപ്പെടെയുള്ള എല്ലാ മനുഷ്യരെയും രോഗികളാക്കി മാററുവാൻ ശ്രമിക്കുകയാണെന്നും, വൈദ്യജന്യ രോഗങ്ങളും ലോകമാകെ പടർന്നുപിടിക്കുകയാണെന്നും ഇവാൻ ഇല്ലിച്ച് ആക്ഷേപിക്കുന്നു. അമേരിക്കയിലും മററും ഡോക്ടർമാർക്കെതിരെ രോഗികൾ ബോധിപ്പിക്കുന്ന കോടതിക്കേസുകൾ നിത്യസംഭവങ്ങളായിരിക്കുന്നു. ഇന്ത്യയിൽ ബ്രിട്ടീഷുകാരൻ ഭരിച്ചിരുന്ന കാലത്ത് അവന്റെ ഭാഷകൊണ്ട് ജനങ്ങളെ വിരട്ടാമായിരുന്നു. അതു ഇനി നടപ്പില്ല. സ്വാതന്ത്ര്യം കിട്ടിയിട്ടും ആ നയം തുടരുവാൻ സാധിച്ചതു് ഈ രാജ്യത്തെ ജനങ്ങൾ സാധുക്കളായതുകൊണ്ടാണ്. പക്ഷെ അവർ എന്നും അങ്ങനെ ഇരിക്കുകയില്ല. ഈ വസ്തുത ഭരണാധികാരികളും വിദ്യാഭ്യാസവിദഗ്ദ്ധന്മാരും മനസ്സിലാക്കണം.

ശാസ്ത്രയുഗവും ജനങ്ങളുടെ യുഗവും തമ്മിലുള്ള സംഘട്ടനം ആരംഭിച്ചു കഴിഞ്ഞു. ഇന്നത്തെ അതികഠിനമായ ഊർജ്ജ പ്രതിസന്ധിയിൽ, വ്യവസായ രാഷ്ട്രങ്ങളിൽപോലും തൊഴിലില്ലായ്മ ഭയാനകമായി വർദ്ധിക്കാൻ തുടങ്ങിയിരിക്കുന്ന ചുററുപാടുകളിൽ, ജർമ്മനിയിലും അമേരിക്കയിലും ജനങ്ങൾ സംഘടിച്ച് പ്രതിഷേധവും പ്രത്യക്ഷസമരവും നടത്തി, അണുശക്തിനിലയങ്ങൾ അടച്ചുപൂട്ടുവാൻ സമ്മർദ്ദം ചെലുത്തുന്നു. ഭൂമാലിന്യം പരത്തുന്ന വ്യവസായശാലകൾ നശിപ്പിക്കുന്നു. ജനങ്ങളിൽനിന്ന് ഉയർന്ന മാറിനിന്ന്, അവർക്ക മനസ്സിലാകാത്ത മാർഗ്ഗങ്ങൾ സ്വീകരിച്ച്, ഭരണവും വിദ്യാഭ്യാസവും വൈദ്യസേവനവും ആരോഗ്യരക്ഷയും വികസനപ്രവർത്തനവും എന്നുവേണ്ട, അവർക്ക ഗുണകരമാണെന്ന് നിഷ്പ്രയാസം തെളിയിക്കാവുന്ന കാര്യങ്ങൾ പോലും നടത്തിക്കൊണ്ടുപോകുവാൻ സാധിക്കുകയില്ലെന്നാണ്, ഇതിൽ നിന്നൊക്കെ വിവേകമുള്ളവർ പഠിക്കേണ്ട പാഠം. പക്ഷെ ഇന്ത്യയുടെ ഇന്നത്തെ നില കാണുമ്പോൾ വിവേകം നേടുവാനും വിദേശത്തുപോകേണ്ടിവരുമോ എന്ന് ഭയപ്പെട്ടുപോകുന്നു!

●

## ഇംഗ്ലീഷ് തുടരണം

**സി. നാരായണപിള്ള**

ഇംഗ്ലീഷ് ഒരു വിദേശ ഭാഷ അല്ല. അന്താരാഷ്ട്ര ലോകഭാഷയാണ്. ഇന്ത്യക്ക് ഒരു ദേശീയ ഭാഷ ഇല്ല. പതിനാലു ദേശീയഭാഷകളാണുള്ളത്. ഏററവും കൂടുതൽ (40 ശതമാനം) ജനങ്ങൾ സംസാരി



Digitized by Kerala Sahitya Akademi